# പതിമൂന്നാം കേരളനിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.633** | **01/12/2015-ൽ മറുപടിക്ക്**

## സ്മാർട്ട് സിറ്റി പദ്ധതിയുടെ പുരോഗതി

**ചോദ്യം**

ശ്രീ. എസ്. ശർമ്മ
,, എ. പ്രദീപ്കുമാർ
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, കെ. കുഞ്ഞമ്മത് മാസ്റ്റർ

**മറുപടി**

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | സ്മാർട്ട് സിറ്റി പദ്ധതിയുടെ നിലവിലുള്ള അവസ്ഥ മാസ്റ്റർ പ്ലാനിനെ അടിസ്ഥാനപ്പെടുത്തി വിശദമാക്കാമോ ; | (എ) | സ്മാർട്ട് സിറ്റിയുമായുള്ള ഫ്രെയിം വർക്ക് എഗ്രിമെന്റ് പ്രകാരം 88 ലക്ഷം സ്ക്വയർ ഫീറ്റ് വരുന്ന ഐ.ടി. സ്പേസിൽ 63 ലക്ഷം സ്ക്വയർ ഫീറ്റാണ് ഐ.ടി./ഐ.ടി.ഇ.എസ്. ആവശ്യങ്ങൾക്കായി നീക്കി വച്ചിട്ടുള്ളത്. ഇതിൽ ഒന്നാം ഘട്ടത്തിലെ 6.5 ലക്ഷം ച.അടി. വിസ്തീർണ്ണമുള്ള ഐ.ടി. കെട്ടിടത്തിന്റെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. |
| (ബി) | പദ്ധതി വിഭാവനം ചെയ്ത നിലയിൽ, ഈ സർക്കാരിന്റെ കാലയളവിൽ പുരോഗതി കൈവരിക്കാൻ സാധിച്ചില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ കാരണം വെളിപ്പെടുത്താമോ ; | (ബി) | ഇല്ല. സ്മാർട്ട് സിറ്റി പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി ആദ്യ ഐ.ടി. കെട്ടിടത്തിന്റെ നിർമ്മാണം പുരോഗമിച്ച് വരുന്നു. സ്മാർട്ട് സിറ്റി ഡയറക്ടർ ബോർഡിലെ ഗവൺമെന്റ് പ്രതിനിധികൾ പദ്ധതി നിർമ്മാണ പ്രവർത്തന പുരോഗതി ഓരോ ഘട്ടത്തിലും വിലയിരുത്താറുണ്ട്.<br>കൂടാതെ വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനം, ജില്ലാ ഭരണകൂടത്തിന്റെ പങ്കാളിത്തം, എന്നിവ ഉറപ്പാക്കി തടസ്സങ്ങൾ ഒഴിവാക്കി പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനായി ചീഫ് സെക്രട്ടറി റിവ്യൂ മീറ്റിംഗുകൾ നടത്തി പദ്ധതി പുരോഗതി വിലയിരുത്തി വരുന്നു. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതിയിലൂടെ നേരിട്ടും അല്ലാതെയും പുതുതായി എത്ര തൊഴിലുകൾ സൃഷ്ടിക്കുവാനായിരുന്നു ലക്ഷ്യമിട്ടിരുന്നത്; പദ്ധതി പ്രദേശത്ത്, പുതുതായി ആരംഭിച്ച ഐ. ടി. കമ്പനികളിലൂടെ പുതുതായി നേരിട്ട് ജോലി ലഭിച്ചവർ എത്രപേരാണെന്ന് വെളിപ്പെടുത്തുമോ ; | (സി) | കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി സംബന്ധിച്ച് സർക്കാരും ടീകോമും തമ്മിൽ 13.05.2007-ൽ ഒപ്പുവച്ച ഫ്രെയിം വർക്ക് എഗ്രിമെന്റിലെ വ്യവസ്ഥകൾ പ്രകാരം closing തീയതി മുതൽ 10 വർഷത്തിനകം 8.8മില്യൺ ച. അടി. നിർമ്മാണ വിസ്തൃതിയോടുകൂടിയ കെട്ടിടങ്ങൾ നിർമ്മിക്കേണ്ടതും, 90,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കേണ്ടതുമാണ്. ഒന്നാം ഘട്ടത്തിൽ ഏകദേശം 5000 പേർക്ക് ജോലി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | പദ്ധതിയുടെ ഭാഗമായി ഈ സർക്കാർ നടത്തിയ നിക്ഷേപം എത്ര ; ടീകോം നടത്തിയ നിക്ഷേപം എത്ര ; എത്ര ഐ. ടി. കമ്പനികൾ അവിടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് ? | (ഡി) | ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി 85.82 കോടി രൂപയും, ഭരണ ഇതര ചിലവുകൾ കൂടി ചേർത്ത് 87.48 കോടി രൂപയും സ്മാർട്ട് സിറ്റിക്കായി ഈ സർക്കാർ ചിലവഴിച്ചിട്ടുണ്ട്. കൂടാതെ സർക്കാരിന്റെ ഓഹരി പങ്കാളിത്തമായി 31.2 കോടി രൂപയും നൽകിയിട്ടുണ്ട്. 104 കോടി രൂപ ഒറ്റത്തവണ പാട്ടത്തുകയായി ടീകോം കമ്പനി സർക്കാരിന് നൽകിയിട്ടുണ്ട്. സ്മാർട്ട് സിറ്റിയിലെ ആദ്യ ഐ.ടി. കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ ഐ.ടി. കമ്പനികൾ പ്രവർത്തനം ആരംഭിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ